# സാമൂഹ്യ പ്രത്യാഘാത പഠനം
# കാടാമ്പുഴ മരവട്ടം 110 കെ.വി
# സബ്സ്റ്റേഷൻ നിർമ്മാണം
# തിരൂർ താലൂക്ക്, മേൽമുറി വില്ലേജ്, മലപ്പുറം ജില്ല
# 0.4702 ഹെക്ടർ

## അന്തിമ റിപ്പോർട്ട്
## തീയതി : 10/01/2022

റിക്വസിഷൻ അധികാരി
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(കെ.എസ്.ഇ.ബി. ലിമിറ്റഡ്)


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.org


KERALA V H S * MULLANKUZHY * KOTTAYAM-2 COLLECTORATE P.O.

## ഉള്ളടക്കം


1. ആമുഖം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി

(ബി). പദ്ധതി നിർവ്വഹണ ഘട്ടം

(സി). പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.6. സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

(ബി). സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

(സി). പഠന സമീപനം

(ഡി). നടപടികളും സമയക്രമങ്ങളും

(ഇ). പദ്ധതി ബാധിതനുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

(എഫ്). പൊതു അഭിപ്രായ സ്വീകരണം

1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

1.8. സാമൂഹിക പ്രത്യാഘാതം

1.9. പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ

1.10. പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന പൊതുമരാമത്ത് വകുപ്പ് പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ

1.11. സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളും കൂട്ടിച്ചേർക്കേണ്ട കാര്യങ്ങളും

1.12. പ്രത്യാഘാത ലഘൂകരണം

1.13. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.14. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം

1.15. സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ

1.16. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ


KERALA V.H.S. MULLANKUZHY KOTTAYAM-2 COLLECTORATE P.O.

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപ്പരസ്യം (ഫോറം. നം. 5 നോട്ടിഫിക്കേഷൻ)
4. നോട്ടീസ്
5. പൊതു അഭിപ്രായ സ്വീകരണ ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

# സാമൂഹ്യ പ്രത്യാഘാത പഠനം

**കാടാമ്പുഴ മരവട്ടം 110 കെ.വി**
**സബ്സ്റ്റേഷൻ നിർമ്മാണം**
**തിരൂർ താലൂക്ക്, മേൽമുറി വില്ലേജ്, മലപ്പുറം ജില്ല**
**0.4702 ഹെക്ടർ**

## 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

മലപ്പുറം ജില്ലയിലെ കാടാമ്പുഴ, കോട്ടയ്ക്കൽ, പുത്തനങ്ങാടി, എഡയൂർ, എന്നീ പ്രദേശങ്ങൾ വളരെ വേഗം വികസിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങളാണ്. വ്യവസായ യൂണിറ്റുകളും താമസ്സഭവനങ്ങളും, ദിവസേനയെന്നവണ്ണം വർദ്ധിക്കുകയാണ്. കൂടാതെ കാടാമ്പുഴ, എഡയൂർ പ്രദേശങ്ങൾ ചെങ്കൽ ഖനനത്തിനും പ്രസിദ്ധമാണ്. പാരമ്പര്യ ചെങ്കൽഖനനം വൈദ്യുതി ഉപയോഗപ്പെടുത്തി ഖനനത്തിലേക്കും, വ്യവസായിക അടിസ്ഥാനത്തിലുള്ള ഉത്പാദനത്തിലേക്കും മാറിയത്, പ്രദേശത്ത് വലിയ തോതിൽ വൈദ്യുതി ഉപയോഗം വർദ്ധിക്കുന്നിന് കാരണമായി. ഇപ്പോഴുള്ള ഫീഡറുകളിൽ നിന്നും ലഭ്യമാകുന്ന വൈദ്യുതി, മതിയാകെ വരുകയും വൈദ്യുതി ഉപയോഗം മണിക്കൂറുകളോളം തടസ്സപ്പെടുന്നതും നിത്യസംഭവമാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരമെന്ന നിലയിലാണ് നിർദ്ദിഷ്ട കാടാമ്പുഴ മരവട്ടം 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചത്. രണ്ടായിരത്തിപത്തൊൻപതിൽ എക്സിക്യൂട്ടീവ് എൻജിനീആക്ത, പവ്വർസിസ്റ്റം എൻജിനീയറിംഗ് ഇത് സംബന്ധമായ അഭ്യർത്ഥന സർക്കാരിന് സമർപ്പിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുകയും ആയതിന് ആധികാരിക കേന്ദ്രങ്ങൾ അനുവാദം നൽകുകയും ആവശ്യമായ സ്ഥലം നിർദിഷ്ടപ്രദേശങ്ങളിൽ സർക്കാർ കൈവശം ഇല്ലാത്തതിനാൽ സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ തീരുമാനിക്കുകയും ആയിരുന്നു. അപ്രകാരം സ്വകാര്യഭൂമി കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ നേതൃത്വവുമായി കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മൂന്ന് സ്ഥലങ്ങൾ നിർദേശിക്കുകയും, സാങ്കേതിക വിദഗ്ധൻമാരുടെ വിലയിരുത്തിലിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഭൂമി സബ്സ്റ്റേഷനുവേണ്ടി ശുപാർശ ചെയ്യുകയും ആണ് ചെയ്തത്. നേരിട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരം പുനർവാസം, സുതാര്യത എന്നിവ ഉറപ്പാക്കൽ നിയമം 2013ഉം, ചട്ടങ്ങളും അടിസ്ഥാനമാക്കി ആരംഭിക്കുകയും, ആയതിന്റെ ഭാഗമായി ഏറ്റെടുക്കുന്ന ഭൂമി, സാമൂഹ്യ പ്രത്യാഘാത പഠനത്തിന് സമർപ്പിക്കുകയും ചെയ്തു.

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

പ്രസ്തുത സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ ഭാഗമായി തയ്യാറാക്കിയ കരട് റിപ്പോർട്ടാണ് ഇവിടെ സമർപ്പിക്കപ്പെടുന്നത്.

### 1.2.പദ്ധതി പ്രദേശം

കാടാമ്പുഴ ജംഗഷനിൽ നിന്നും മരവട്ടം റോഡിൽ യാത്ര ചെയ്ത്, ഗ്രേസ് വാലി കോളേജ് റോഡിൽ ഉദ്ദേശം ഒരു കിലോമീറ്റർ അകലെയാണ് പദ്ധതിപ്രദേശം. പൊതുമരാമത്ത് റോഡിന്റെ സമീപത്ത് ഉള്ള ഏറ്റെടുക്കുന്ന ഭൂമി, നല്ല കട്ടിയുള്ള ചെങ്കല്ല് പ്രദേശമാണ്. ഏറ്റെടുക്കുന്ന ഭൂമിയുടെ തൊട്ട് സമീപത്ത് ആയി ഒരു സ്വകാര്യ ഫുഡ് പാക്കിംഗ് ആൻഡ് പ്രൊസസ്സിംഗ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ സമീപസ്ഥലങ്ങളിൽ എല്ലാം ചെങ്കൽ ഖനനം, ചെറുകിട മിനറൽ ഘനനം, മൃഗവളർത്തൽ കേന്ദ്രങ്ങൾ എന്നിവയാണ്. ജലത്തിന്റെ ലഭ്യതക്കുറവ്, ഈ പ്രദേശത്തെ താമസ്സസൗഹൃദം ആക്കുന്നില്ല. മേൽ സൂചിപ്പിച്ച വ്യവസായ യൂണിറ്റുകൾ ഈ പ്രദേശത്തെ ഒരു അനൗദ്യോഗിക വ്യവസായ പാർക്ക് ആക്കി മാറ്റിയിട്ടുണ്ട്. ഗ്രേയിസ് വാലി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാമിപ്യം പ്രാദേശിക വികസനം ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഏറ്റെടുക്കുന്ന ഭൂമിയുടെ ഒരു കിലോമീറ്റർ ചുറ്റളവിൽ താമസ്സഭവനങ്ങളുടെ എണ്ണം തുലോം കുറവാണ്. എന്നാൽ  വലിയ അളവിൽ വൈദ്യുതി ഉപയോഗം ആവശ്യമുള്ള ചെങ്കൽ ഘനന യൂണിറ്റുകൾ അനേകം ആണ്. ചെങ്കൽ കല്ല് നിറഞ്ഞ പ്രദേശം ആയതിനാൽ കൃഷിക്ക് യോഗ്യമായ സ്ഥലങ്ങൾ കുറവാണ്. അങ്ങിങ്ങ് കാണുന്ന തണൽ മരങ്ങളും, കശുമാവും, മാത്രമാണ് പ്രധാന മരങ്ങൾ.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ, എൽ.എ., ജനറൽ തിരൂർ ആണ് തിരൂർ താലൂക്കിൽ മേൽമുറി വില്ലേജിൽ കാടാമ്പുഴ മരവട്ടം 110 കെ.വി. സബ്സ്റ്റേഷൻ  നിർമ്മാണ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ നടത്തുന്നത്.

#### (ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

ഭൂഉടമസ്ഥരായ ശ്രീ.മമ്മദു, കല്ലിടുമ്പിന്റെയും, ശ്രീ ബഷീർ, ശ്രീ ഷറഫുദീൻ  കെ. മുതൽപേർ മാനേജിംഗ് ഡയറക്ടർ മലബാർ പേപ്പർ കൺവട്ടേഴ്സ്, കൺസോർഷ്യം, പ്രൈവറ്റ് ലിമിറ്റഡ് ,എന്നിവരുടെയും പേരിലുള്ള ഉദ്ദേശം 1.1618 ഏക്കർ ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത് ചെങ്കല്ലു നിറഞ്ഞ ഏറ്റെടുക്കുന്ന ഭൂമി സമീപപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ചെങ്കൽ ഘനന യൂണിറ്റുകളുടെ ബാഹുല്യം കണക്കാക്കുമ്പോൾ വ്യവസായ



KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

പ്രാധാന്യം ഉള്ളത് എന്ന് കണക്കാക്കാവുന്നതാണ്. നല്ല ജല ദൗർലഭ്യം ഉള്ള പദ്ധതി ഭൂമിയിൽ ഏതാനും അക്കേഷ്യമരങ്ങൾ മാത്രമാണ് ഉള്ളത്.

### (സി) ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

ഒരു ഭൂഉടമസ്ഥന്റെ ഉടമസ്ഥാവകാശത്തിലുള്ള 0.4702 ഹെക്ടർ ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. ഭൂഉടമസ്ഥൻ പദ്ധതി പ്രദേശത്തിന്റെ ഏകദേശം 2 കിലോമീറ്റർ അകലെ താമസിക്കുന്നതിനാൽ ഭൂമി ഏറ്റെടുക്കൽ അവരുടെ സാമൂഹ്യ-സാംസ്കാരിക- കുടുംബ ബന്ധങ്ങളെ ഒരു രീതിയിലും ബാധിക്കാൻ സാധ്യത ഇല്ല. കൂടാതെ ഏറ്റെടുക്കുന്ന ഭൂമി, ഭൂഉടമസ്ഥന്റെ നിത്യ വരുമാന സ്രോതസ്സല്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ, ഭൂഉടമസ്ഥന്റെ സാമ്പത്തിക സ്ഥിതിയെ മോശകരമായി ബാധിക്കാൻ സാധ്യത ഇല്ല. പദ്ധതി ബാധിതനായ ഭൂഉടമസ്ഥൻ സാമൂഹ്യ -സാമ്പത്തിക മുന്നോക്കാവസ്ഥയിൽ ഉള്ളതും ആണ്.

## 1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

### (എ). നടപ്പാക്കൽ ഏജൻസി

കേരള സർക്കാർ ഉടമസ്ഥതയിൽ നടത്തുന്ന വൈദ്യുത ഉത്പാദന, പ്രസരണ, വിതരണ കമ്പനിയാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അഥവാ കെ.എസ്.ഇ.ബി. ലിമിറ്റഡ്.

1957 ൽ ആണ് കെ.എസ്.ഇ.ബി പ്രവർത്തനം തുടങ്ങിയത്. കെ.പി. ശ്രീധരകൈമൾ ചെയർമാനായി അഞ്ച് മെമ്പർമാരുടെ സഹകരണത്തോടെയാണ് കമ്പനിയുടെ തുടക്കം. തിരുക്കൊച്ചിയിലെ വൈദ്യുതി വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് പിന്നീട് കെ.എസ്.ഇ.ബിയിലേക്ക് മാറ്റിയത്. 2014 ഓഗസ്റ്റിൽ വൈദ്യുതി ബോർഡിനെ ലിമിറ്റഡ് കമ്പനിയാക്കി മാറ്റി. 1958 ൽ തുടക്കകാലത്ത് 109.5 മെഗാവാട്ട് വൈദ്യുതിയുമായാണ് ബോർഡ് പ്രവർത്തനം തുടങ്ങിയത്. പിന്നീട് ആവശ്യകത ഉയർന്നപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി കടംവാങ്ങാൻ തുടങ്ങി. ഇന്നിപ്പോൾ ബോർഡിന് ധാരാളം ജലവൈദ്യുത പദ്ധതികളുണ്ട്. 2008 ലെ കണക്കു പ്രകാരം 2657.24 മെഗാവാട്ട് വൈദ്യുതി ബോർഡ് വിവിധ പദ്ധതികളിലൂടെ ഉദ്പാദിപ്പിക്കുന്നുണ്ട്. ഏതാണ്ട് 91,59,399 ഉപയോക്താക്കൾ നിലവിലുണ്ട്.

2012 മാർച്ച് 31ലെ കണക്കു പ്രകാരം 2874.79 മെഗാവാട്ട് ആണ് കെ.എസ്.ഇ.ബി.യുടെ മൊത്തം സ്ഥാപിതശേഷി. എന്നാൽ ഇതിൽ സംഭരണാവശ്യത്തിനുള്ള ചെറുകിട നിലയങ്ങളും അന്യസംസ്ഥാനങ്ങളിൽ കെ.എസ്.ഇ.ബി.യ്ക്ക് അവകാശപ്പെട്ട പദ്ധതിവിഹിതങ്ങളും ഉൾപ്പെടുന്നു.

നിലവിൽ എട്ടു ജലവൈദ്യുത പദ്ധതികൾ നിർമ്മാണത്തിലും 37 ജലവൈദ്യുത പദ്ധതികൾ പ്ലാൻ ചെയ്തിട്ടുമുണ്ട്.

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

കെ.എസ്. ഇ. ബി.യുടെ കീഴിൽ പ്രസരണാവശ്യങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ളത് 400 കെ.വി, 220കെ.വി, 110കെ.വി, 66കെ.വി, 33കെ.വി എന്നീ വൈദ്യുത തീവ്രതകളുള്ള സബ്സ്റ്റേഷനുകളാണ്. ഇവ കൂടാതെ, അതതുപ്രദേശങ്ങളിലെ വിതരണത്തിനായി 11 കെ.വി സബ്സ്റ്റേഷനുകൾ (ട്രാൻസ്ഫോർമറുകൾ) കൂടിയുണ്ട്.

**(ബി).പദ്ധതി നിർവ്വഹണ ഘട്ടം**

ബഹുമാനപ്പെട്ട ഗവൺമെന്റ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പാക്കൽ സംബന്ധ മായി സർക്കാർ നടപ്പാക്കൽ ഏജൻസിക്ക് അനുമതി പത്രം നൽകുകയും ഭൂമി ഏറ്റെടുക്കൽ വിഭാഗം പ്രാഥമിക സർവ്വേ നടത്തുകയും ഏറ്റെടുക്കുന്ന ഭൂമിയുടെ അതിരുകൾ നിശ്ചയിക്കു കയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

**(സി).പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും**

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1894<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ പുനരധിവാസവും പുനസ്ഥാപനവും |

**1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ**

പദ്ധതിയുടെ സ്ഥല നിർണ്ണയം സംബന്ധമായി ജനപ്രതിനിധികളും, സാങ്കേതിക വിദഗ്ധരും പല സ്ഥലങ്ങളും പരിശോധിക്കുകയും സാങ്കേതിക മികവിന്റെയും മറ്റ് പരിഗണനകളുടെയും അടിസ്ഥാനത്തിൽ നിർദ്ദിഷ്ട സ്ഥലം നിശ്ചയിക്കുകയും ആയിരുന്നു. അതുകൊണ്ട് തന്നെ ബദൽ നിർദ്ദേശങ്ങൾ പഠന സമയത്ത് ജനപ്രതിനിധികളോ, ജനങ്ങളോ നിർദ്ദേശിക്കുക ഉണ്ടായില്ല.

KERALA VHS COLLECTORATE P.O. MULLANKUZHY KOTTAYAM-2

## 1.6 സമീപനവും രീതി ശാസ്ത്രവും

### (എ). പശ്ചാത്തലം

കേരളാ ഗസറ്റ് നം.3488, തീയതി നവംബർ 25, 2021 ഉം വിജ്ഞാപനം നം.ഡി.സി.എം. പി.എം/5645/2021 - എൽ.എ.4, തീയതി നവംബർ 17, 2021 അറിയിപ്പ് പ്രകാരം കേരള സർക്കാർ കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ ഈ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റായി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

### (ബി).സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 27 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുന സ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണ ത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദ ഗ്ദൻ സാമൂഹിക വിവര ശേഖകൻ | 12 വർഷത്തെ പ്രവർത്തന പരി ചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദ ഗ്ദ, സാമൂഹിക വിവര ശേഖരണം | 17 വർഷത്തെ പ്രവർത്തന പരി ചയം |
| 4. | ഷീബ ജോൺസൻ | ഡേറ്റ അനലൈ സർ ഉ വിവര ക്രോഡീകരണം | 27 വർഷത്തെ പ്രവർത്തി പരി ചയം |

### (സി).പഠന സമീപനം

പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, താലൂക്ക്

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

ഓഫീസ്, പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതന്റെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് സാമൂഹിക - സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി പ്രദേശത്ത് പദ്ധതി സംബന്ധമായി താൽപര്യമുള്ളവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. പദ്ധതി ബാധിതന് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശവും സമീപ സ്ഥലങ്ങളും സന്ദർശിക്കുകയും ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു. പദ്ധതി ഭൂമിയുടെ ഉടമസ്ഥനെയും നേരിൽ കണ്ട് വിവര ശേഖരണം നടത്തുകയുണ്ടായി.

## (ഡി). നടപടികളും സമയക്രമങ്ങളും

25/11/2021 - സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ വിജ്ഞാപനം.
02/12/2021 - സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ വിജ്ഞാപനം ലഭ്യമായി.
21/11/2021 - 23/11/2021 - സാമൂഹിക സർവ്വേ
30/11/2021 - കരട് റിപ്പോർട്ട്
22/12/2021 - പൊതു അഭിപ്രായ സ്വീകരണം
10/01/2022 - അന്തിമ റിപ്പോർട്ട്

## (ഇ).പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.

2. ന്യായമായ നഷ്ട പരിഹാരം ലഭ്യമായാൽ പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകുവാൻ ഭൂവുടമ തയ്യാറാണ്.

**(എഫ്). പൊതു അഭിപ്രായ സ്വീകരണം** - പദ്ധതി ഭൂമിക്ക് സമീപമുള്ള യൂണീൻ ഫുഡ് പാക്ക് കമ്പനിയുടെ_കോമ്പൗണ്ടിൽ, തീയതി, 22/12/2021, സമയം 2 പി.എം.

22/12/2021 ൽ നടന്ന പൊതു അഭിപ്രായ സ്വീകരണത്തിൽ (ഫോറം-5, റൂൾ 14(1), ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013) പദ്ധതി ബാധിതൻ ഉന്നയിച്ച പ്രധാന കാര്യങ്ങൾ.

പൊതു അഭിപ്രായ സ്വീകരണ സംബന്ധമായ അറിയിപ്പ് പ്രധാന ദിനപത്രങ്ങളായ ജനയുഗം, ചന്ദ്രിക എന്നിവയിൽ പ്രസിദ്ധീകരിക്കുകയും, പദ്ധതി ബാധിതന്റെ മേൽവിലാസത്തിൽ പൊതു



KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

അഭിപ്രായ സ്വീകരണ യോഗം സംബന്ധമായ കത്ത് നൽകുകയും, വിശദമായ സന്ദേശം പദ്ധതി ബാധിതന്റെ ഫോണുകളിൽ നൽകുകയും, പദ്ധതി ബാധിതനെ ഫോണിൽ ബന്ധപ്പെടുകയും ഉണ്ടായി. ഇത് കൂടാതെ യോഗം സംബന്ധമായ അറിയിപ്പ് വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവടങ്ങളിൽ പ്രസിദ്ധീകരിക്കുകയും, ഫോൺ വഴി അറിയിക്കുകയും ചെയ്തു. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ കരട്, നിയമം നിർദ്ദേശിക്കുന്ന എല്ലാ ഓഫീസുകളിലും പൊതുജനങ്ങളുടെ പരിശോധനയ്ക്ക് സഹായകരമായ വിധം പ്രസിദ്ധീകരിക്കുകയും യോഗ ദിവസം റിപ്പോർട്ടിന്റെ പകർപ്പുകൾ ആവശ്യമായ രീതിയിൽ വിതരണം ചെയ്യുകയും ചെയ്തു. യോഗത്തിൽ പഞ്ചായത്ത് ജനപ്രതിനിധികൾ, സ്പെഷ്യൽ തഹസിൽദാർ എൽ.എ, എക്സിക്യുട്ടീവ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നിവിടങ്ങളിൽ അവരുടെ സാന്നിധ്യം ഉറപ്പാക്കുന്ന വിധം അറിയിപ്പുകൾ നൽകുകയും ഉണ്ടായി.

പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ ശ്രീമതി. പ്രീതി സി.ബി., എസ്. ആർ. ഐ. സ്പെഷൽ തഹസിൽദാർ. ഓഫീസ്, എൽ.എ. (ജി), തിരൂർ, ശ്രീമതി. സന്ധ്യ എം. എസ്. അസിസ്റ്റന്റ് എൻജിനീയർ, റ്റീ.സി. എസ്. ഡി. തിരൂർ,, ശ്രീ. അബ്ദുനാസർ, സബ് എൻജിനീയർ, ഇല്ക്ട്രിക്കൽ റ്റി.സി., സെക്ക്ഷൻ, കുറ്റിപ്പുറം, ശ്രീ.രാമയ്യ കെ., ഇ.ഇ., കെ.എസ്. ഇ.ബി., ശ്രീമതി. റ്റി.വി. റാബിയാ, മെമ്പർ , ഭൂ ഉടമസ്ഥൻ എന്നിവർ പങ്കെടുത്തു.

| ക്രമനം. | അഭിപ്രായങ്ങൾ |
|---|---|
| 1. | ശ്രീമതി. റ്റി.വി. റാബിയ, മെമ്പർ<br><br>പദ്ധതി പ്രാവർത്തികമാക്കാൻ ജനപ്രതിനിധി എന്ന നിലയിൽ എല്ലാ സഹായവും ലഭ്യമാക്കുന്നതാണ്. എല്ലാവരുടെയും പ്രയാസങ്ങൾ പരിഹരിച്ച് പദ്ധതി നടപ്പാക്കണം എന്നാണ് ആഗ്രഹിക്കുന്നത്. ന്യായമായ നഷ്ടപരിഹാരം ഉറപ്പുവരുത്താൻ പദ്ധതിബാധിതരോട് ഒപ്പം ഉണ്ടാവും. എല്ലാവരുടെയും സഹകരണം ഉണ്ടാവണം. പദ്ധതി എത്രയും വേഗം നടപ്പിലാക്കണം. |
| | ശ്രീ.മമ്മദു, കല്ലിടുമ്പിൽ<br>പദ്ധതി എത്രയും വേഗം നടപ്പിലാക്കണം.<br>ന്യായമായ നഷ്ടപരിഹാരം ഉറപ്പുവരുത്തണം. |
| | ശ്രീ ബഷീർ, ശ്രീ ഷറഫുദീൻ കെ.<br>എല്ലാവിധ സഹായവും ഉണ്ടാകും, ഞങ്ങൾ ഒരു കമ്പനി നടത്താൻ വേണ്ടിയാണ് ഭൂമി വാങ്ങിയത്. എന്നാൽ ഇപ്പോൾ അത് സർക്കാരിന് കൊടുക്കുന്നതിൽ അഭിപ്രായ വ്യത്യാസം ഇല്ല. ശ്രീ ഷറഫുദീൻ ആണ് ഇപ്പോൾ കമ്പനിയുടെ ചെയർമാൻ , നടപടികൾ എത്രയും വേഗം പൂർത്തീകരിച്ച് നഷ്ടപരിഹാരം ഉറപ്പുവരുത്തണം. |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

### 1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

നിർദ്ദിഷ്ട പദ്ധതിയും അതിന്റെ തുടർ നടത്തിപ്പിന് വേണ്ടി വരുന്ന പശ്ചാത്തല സൗകര്യ വികസനവും പ്രദേശത്തിന്റെ പൊതുവായ വികസനത്തിന് നിർണ്ണായക ഘടകമാകാൻ സാധ്യതയുണ്ട്.

### 1.8. സാമൂഹിക പ്രത്യാഘാതം

ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥല നിർണ്ണയ നടപടികളുടെ ഭാഗമായി ജനപ്രതിനിധികളും, കെ.എസ്.ഇ.ബി അധികൃതരും ഉടമസ്ഥനുമായി സംസാരിക്കുകയും, ന്യായമായ നഷ്ടപരിഹാരം നൽകുന്നതിലൂടെ ഭൂമി വിട്ടുനൽകാം എന്ന് പദ്ധതി ബാധിതൻ സമ്മതിച്ചതുമാണ്. അതുകൊണ്ടുതന്നെ പദ്ധതിയുടെ പ്രത്യാഘാതം വളരെ ലഘുവായത് എന്ന് കണക്കാക്കാം. എന്നാൽ ഇപ്പോൾ തന്നെ വളരെ താമസം നേരിട്ട ഭൂമി ഏറ്റെടുക്കൽ നടപടി വീണ്ടും താമസിക്കപ്പെട്ടാൽ പദ്ധതി ബാധിതന് വലിയ സാമ്പത്തിക നഷ്ടവും, അതോടെ ഉയർന്ന പ്രത്യാഘാതവും ഉണ്ടാവാം. അതുകൊണ്ട് തന്നെ സമയ ബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നതും നഷ്ട പരിഹാരം വിതരണം ചെയ്യുന്നതും പദ്ധതിയുടെ പ്രത്യാഘാതം ഇല്ലാതാക്കുന്ന നടപടികളാണ്.

എന്നാൽ പദ്ധതി പ്രദേശത്ത് ഇപ്പോൾ അനുഭവിക്കുന്ന വൈദ്യുതിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും പ്രാദേശികമായ വ്യവസായ വളർച്ചയ്ക്കും സഹായകരമാണ്.

### 1.9.. പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന നടപ്പാക്കൽ ഏജൻസി പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ

ബാധകമല്ല

### 1.10. .സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളും കൂട്ടിചേർക്കേണ്ട കാര്യങ്ങളും

ബാധകമല്ല

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

1.11. പ്രത്യാഘാത ലഘൂകരണം

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2 | മരങ്ങളുടെ നഷ്ടം | നഷ്ട പരി ഹാരം നിയന്ത്രണം | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 3 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടിക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 4 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര സമിതി പഞ്ചായത്തിലുംജില്ലാ തലത്തിലും പ്രവർത്തിക്കുക. |

1.12. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1 | താമസ ഭവനങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | ഉയർന്ന | മധ്യമം/ കുറഞ്ഞ | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 2 | ഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |

KERALA V.H.S. MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘൂവായ | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 4 | കൃഷിഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘൂവായ | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരിഹാരം നൽകുക |
| 5 | ഉപയോഗ ശൂന്യമായ തുണ്ടുഭൂമികളുടെ രൂപപ്പെടൽ | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | കുറഞ്ഞ | ഉപയോഗശൂന്യമായ തുണ്ടുഭൂമികൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക. |
| 6 | നാണ്യ വിളകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘൂവായ | മധ്യമം | കുറഞ്ഞത് | മതിയായ നഷ്ടപരിഹാരം നൽകുക |
| 7 | കിണറുകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘൂവായ | കുറഞ്ഞ | കുറഞ്ഞ | സാധ്യമാകുവോളം സംരക്ഷിക്കുക |
| 8 | ഇടറോഡിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘൂവായ | കുറഞ്ഞ | കുറഞ്ഞ | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 9 | റോഡ് / പാലം ഭവനവുമായി വളരെ ചേർന്ന് പോകുന്നു. | നെഗറ്റീവ് | സാധ്യമാണ് | ലഘൂവായ | മധ്യമം | കുറഞ്ഞത് | ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 10 | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘൂവായ | കുറഞ്ഞ | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 11 | പദ്ധതി ബാധിതരെ ഭൂമി | പോസി | സാധ്യമാണ് | ലഘൂവായ | കുറ | കുറഞ്ഞ | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ |



KERALA V.H.S. MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | റ്റീവ് | | | ഞ്ഞ | | പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 12 | പരാതി പരിഹാരം | പോസിറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

**1.14.സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം**

| സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തരവാദിത്തം | നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരിഹാരവും |
| ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| സ്പെഷ്യൽ തഹസിൽദാർ | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | നടപ്പാക്കൽ ഏജൻസി |
| ജില്ലാ ഫോറസ്റ്റ് ഓഫീസർ | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയിക്കൽ |
| റിക്വസിഷൻ അധികാരികൾ | പുനരധിവാസവും പുനസ്ഥാപനവും |

**1.15. സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ**

- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം.
- നഷ്ടപരിഹാര വിനിയോഗം
- പരാതി പരിഹാര സമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- കോടതി കേസുകളുടെ എണ്ണം

KERALA V H S MULLANKUZHY KOTTAYAM COLLECTORATE P.O.

### 1.16. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

പദ്ധതി ഭൂമി കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾ തദ്ദേശവാസികൾ എന്നിവരുമായി കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ വിശാലമായ ചർച്ച നടത്തുക ഉണ്ടായിട്ടുണ്ട്. ഇത് പദ്ധതി ഭൂമിയുടെ തിരഞ്ഞെടുപ്പിൽ സുതാര്യത, പൊതുതാത്പര്യം എന്നിവ ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ കണ്ടെത്തിയ ഭൂമിയുടെ ഉടമസ്ഥനുമായി നടത്തിയ അനൗപചാരിക ചർച്ചകൾ പദ്ധതി ഭൂമി വിട്ടു തരുന്നതിനുള്ള ഭൂഉടമസ്ഥന്റെ സമ്മതത്തിലേക്ക് എത്തിയിട്ടുണ്ട്. അതുകൊണ്ട് തന്നെ പദ്ധതിയുടെ പ്രത്യാഘാതം വളരെ ലഘുവായത് എന്ന് കണക്കാക്കാം.

കൂടാതെ ഭൂമി നഷ്ടപ്പെടുന്നത് പദ്ധതി ബാധിതന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയെ ഒരു രീതിയിലും ബാധിക്കാൻ സാധ്യതയില്ല.

എന്നാൽ ഭൂമി കണ്ടെത്തൽ നടപടി ക്രമങ്ങൾ ആരംഭിച്ചിട്ട് ഉദ്ദേശം രണ്ട് വർഷം പൂർത്തിയാകുന്നു എന്നത് കണക്കാക്കുമ്പോൾ ഭൂമിയുടെ ഉപയോഗത്തിന്റെ അനൗദ്യോഗിക തടസ്സപ്പെടൽ പദ്ധതിബാധിതന്റെ പ്രത്യാഘാതം വിപുലീകരിക്കുന്ന ഘടകമാണ്. അതുകൊണ്ടുതന്നെ സമയബന്ധിത ഭൂമി ഏറ്റെടുക്കൽ, നഷ്ടപരിഹാര വിതരണം എന്നിവ ഏറ്റവും പ്രധാനപ്പെട്ട നഷ്ടപരിഹാര ലഘൂകരണ നടപടിയായി കണക്കാക്കാവുന്നതാണ്.

പദ്ധതിപ്രദേശം ജലദൗർലഭ്യം ഉളള സ്ഥലം ആണ്. അതുകൊണ്ട് തന്നെ മഴവെള്ള സംഭരണം ഉൾപ്പെടെയുളള നടപടികൾ പദ്ധതി രൂപരേഖയിൽ ഉൾപ്പെടുത്തുന്നത്, ആയതിനുവേണ്ടി ഭാവിയിൽ കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ടി വരുന്നത് ഒഴിവാക്കാൻ സഹായിക്കും.

മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് കാടാമ്പുഴ മരവട്ടം 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പൊതുതാൽപര്യ പ്രധാനവും, ബദൽ നിർദ്ദേശങ്ങൾ സാങ്കേതികമായി പരിശോധിച്ച് തീരുമാനം എടുത്തിട്ടുള്ളതുമാണ് എന്നാണ്. കൂടാതെ പദ്ധതി ഭൂമി ഏറ്റെടുക്കൽ തികച്ചും സുതാര്യമായും വിവിധ തലത്തിൽ കൂടിയാലോചന നടത്തി നിർവ്വഹണ ഘട്ടത്തിൽ എത്തിച്ചിട്ടുള്ളതാണ്. അതുകൊണ്ട് തന്നെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരം, പുനരധിവാസം, പുനർവാസം സുതാര്യത നിയമം 2013, തുടർ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികളിലൂടെ ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ്.

സാജു വി.ഇട്ടി
ചെയർമാൻ
സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപ്പരസ്യം (ഫോറം. നം. 5 നോട്ടിഫിക്കേഷൻ)
4. നോട്ടീസ്
5. പൊതു അഭിപ്രായ സ്വീകരണ ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

അനുബന്ധം - 1

## കാടാമ്പുഴ മരവട്ടം 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം

മേൽമുറി വില്ലേജ് , തിരൂർ താലൂക്ക്, മലപ്പുറം ജില്ല

### പദ്ധതി ബാധിതന്റെ പേര് വിവരങ്ങൾ

| ക്രമ നം. | സർവ്വേ /നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | 300/1 | മമ്മദു, കല്ലിടുമ്പിൽ<br>S/o കോയക്കുട്ടി ഹാജി<br>ഇന്ത്യനൂർ പി.ഒ, കൂരിയാട് | 8113925956<br>9846900084 | വസ്തു |
| 2. | 300/1 | ബഷീർ, ഷറഫുദീൻ കെ.<br>മുതൽപേർ<br>മാനേജിംഗ് ഡയറക്ടർ<br>മലബാർ പേപ്പർ കൺവട്ടേഴ്സ്,<br>കൺസോർഷ്യം, പ്രൈവറ്റ് ലിമിറ്റഡ്<br>(ഗ്രേയ്സ്റ്റ് ട്രേയ്ഡിംഗ് ബിൽഡിംഗ്,<br>പറങ്കി മൂച്ചിക്കൽ, ചാപ്പനങ്ങാടി പി. ഒ.,<br>കോട്ടയ്ക്കൽ - 676503)<br>ഷറഫുദീൻ കെ. കല്ലിടുമ്പിൽ<br>ഇന്ത്യനൂർ പി.ഒ, കൂരിയാട് | 9846900084 | വസ്തു |

KERALA V.H.S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

അനുബന്ധം - 2


## Photographs











KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

**Public Hearing**














KERALA VHS
MULLANKUZHY
KOTTAYAM
COLLECTOR

ചന്ദ്രിക
09 വ്യാഴം ഡിസംബർ 2021

ഫാറം 6 ചട്ടം 14 (1) വിജ്ഞാപനം തീയതി : 29/11/2021

ചുവടെ പട്ടികയിൽ വിവരിക്കുന്ന മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ, മേ
വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് കാട
മരവട്ടം 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെ
ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും,
ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്
പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (20
30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരള
തീയതി 2021, നവംബർ 25, നം.3448, വിജ്ഞാപനം നമ്പർ. -ഡി.സി
പി.എം.-5645/2021-എൽ.എ-4 തീയതി, 2021, നവംബർ 17, അറിയിപ്പ് പ്ര
താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത
വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനായി ആ
പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്ന
താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, : അവകാശ
താൽപ്പര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ 20
മാണ്ട് ഡിസംബർ 22-ാം തീയതി, ഉച്ചകഴിഞ്ഞ് 2.30 മണിക്ക് പദ്ധതി ഭൂമിക്ക് സ
വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണയോഗത്തിൽ പങ്കെടുക്കണ
ഇതിനാൽ അറിയിക്കുന്നു.

| ക്രമ നം. | സർവ്വേ നം. | വിവരണം | വി. ഹെ | പേര് |
|---|---|---|---|---|
| 1 | 300/1 | കര ഭൂമി | 0.4702 | മജീദ്, കല്ലിടുമ്പിൽ S/o കോയക്കുട്ടി ഹാജി ഇന്ത്യനൂർ പി.ഒ, കുറിയാട് |
| ആകെ വിസ്തീർണ്ണം | | | 0.4702 | |

ചെയർമാൻ, സാമൂഹിക പ്രത്യാഘാത പഠന യൂണ

ജനയുഗം

2021 ഡിസംബർ 9 വ്യാഴം

ഫാറം 5 ചട്ടം 14 (1) വിജ്ഞാപനം തീയതി : 29/11/2021

ചുവടെ പട്ടികയിൽ വിവരിക്കുന്ന മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ, മേൽമുറി വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് കാടാമ്പുഴ മരവെട്ടം 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2021, നവംബർ 25, നം.3448, വിജ്ഞാപനം നമ്പർ. -ഡി.സി.എം. പി.എം.-5645/2021-എൽ.എ-4 തീയതി, 2021, നവംബർ 17, അറിയിപ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപ്പര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ 2021-ാം മാണ്ട് ഡിസംബർ 22-) o തീയതി, ഉച്ചകഴിഞ്ഞ് 2.30 മണിക്ക് പദ്ധതി ഭൂമിക്ക് സമീപം വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണയോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ നം. | സർവ്വേ നം. | വിവരണം | വി: ഹെ | പേര് |
|---|---|---|---|---|
| 1 | 300/1 | കര ഭൂമി | 0.4702 | മമ്മദു, കല്ലിടുമ്പിൽ S/o കോയക്കുട്ടി ഹാജി ഇന്ത്യനൂർ പി.ഒ, കുരിയാട് |
| | | ആകെ വിസ്തീർണ്ണം | 0.4702 | |

ചെയർമാൻ, സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

സ്വീകർത്താവ്

നോട്ടീസ് / അറിയിപ്പ്

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ, മേൽമുറി വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് കാടാമ്പുഴ മരവെട്ടം 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2021, നവംബർ 25, നം.3448, വിജ്ഞാപനം നമ്പർ.ഡി.സി.എം. പി.എം.-5645/2021-എൽ.എ-4 തീയതി, 2021, നവംബർ 17, അറിയിപ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ 2021-ാം മാണ്ട് ഡിസംബർ 22-)0 തീയതി, ഉച്ചകഴിഞ്ഞ് 2 മണിക്ക് പദ്ധതി ഭൂമിക്ക് സമീപമുള്ള യൂണിീൻ ഫുഡ് പാക്ക് കമ്പനിയുടെ കോമ്പൗണ്ടിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണയോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

സ്ഥലം : കോട്ടയം

തീയതി : 13/12/2021

ചെയർമാൻ

സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

ഫോൺ : 9744778709

**സാമൂഹ്യ പ്രത്യാഘാത പഠനം**

കാടാമ്പുഴ മരവട്ടം 110 കെ.വി

സബ്സ്റ്റേഷൻ നിർമ്മാണം

തിരൂർ താലൂക്ക്, മേൽമുറി വില്ലേജ്, മലപ്പുറം ജില്ല

0.4702 ഹെക്ടർ

# പൊതു അഭിപ്രായ സ്വീകരണം

സ്ഥലം: പദ്ധതി ഭൂമിക്ക് സമീപം

തീയതി : 2021 ഡിസംബർ 22, സമയം : 2 പി.എം.

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | ഒപ്പ് |
|---|---|---|---|
| 1. | [illegible] SRI ℅ സ്പെഷ്യൽ തഹസിൽദാർ LA (ജ) തിരൂർ | 9446030080 | |
| 2 | Ramaiah K EE KSEBL Tirur | 9446008385 | |
| 3 | Sandhya M.S AE i/c (AEE), KSEB TCSD, Tirur | 9496010622 | |
| 4 | Abdunnasar P Sub-Engineer Ele. KSEB TC. Section, Kuttippuram | 9447318958 | |
| 5 | K. Sharafudheen. | 9846900084 | |
| 6 | K. MAMMUDU. | 8113925956 | |
| 7 | T.T. HAMZA | 9744558242 | |
| 8 | Raveendran. P.P | 8304021058 | |

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | ഒപ്പ് |
|---|---|---|---|
| 9. | അബ്ദുൽ മജീദ്.റ | 9847126146 | [signature] |
| 10 | M. Ayyub | 9747639999 | [signature] |
| 11 | [illegible] | 9567726710 | [signature] |
| 12 | T.v Rabiya Member. | 9400618992 | [signature] |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2021 നവംബർ 25<br>25th November 2021<br>1197 വൃശ്ചികം 10<br>10th Vrischikam 1197<br>1943 അഗ്രഹായനം 4<br>4th Agrahayana 1943 | നമ്പർ<br>No. 3488 |

01 DEC 2021

FORM NO. 4
[*See* Rule 11(3)]
NOTIFICATION

No. DCMPM/5645/2021/LA4. *17th November, 2021.*

WHEREAS, it appears to the appropriate Government and the District Collector, Malappuram that the land specified in the schedule below is needed or likely to be needed for a public purpose, to wit for Land Acquisition for the construction of Kadampuzha 110 KV Substation in Malappuram District;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AND WHEREAS, in exercise of powers conferred by the provisions to clause (e) of section 3 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have notified and authorized the District Collector as appropriate Government as per G. O. (P) No. 376/2016/RD dated 29-6-2016 published S.R.O. No. 468/16, in Kerala Gazette dated 8-7-2016 for the purpose of acquisition of land not exceeding 200 Ares in a District for public purpose;

AND WHEREAS, in exercise of powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) the Appropriate Government and the District Collector, Malappuram have decided to conduct a Social Impact Assessment in the area specified in the schedule below;

NOW, THEREFORE, sanction is accorded to the unit "Kerala Voluntary Health Services, Mullankuzhi, Collectorate P. O., Kottayam, Pin-686 002" to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act. The process shall be completed within a period of 30 days, not exceeding six months in any case.

SCHEDULE

*District*—Malappuram. *Taluk*—Tirur.

*Village*—Melmuri. *Desom*—Karayakkad.

| *Sl. No.* | *Survey No.* | *Description* | *Extent (Hectares)* |
|---|---|---|---|
| 1 | 300/1 | Dry Land (Asthira Punja) | 0.4702 |
| | **Total** | | **0.4702** |

(Sd.)
DISTRICT COLLECTOR,
*(in-charge), Malappuram.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 202

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.11.25 08:53:27 +05: